ഒരു ഡിവൈ.എസ്.പി., 4 ഇൻസ്പെക്ടർ, എന്നീ പോസ്റ്റുകൾ 26-6-2014-ലെ ജി.ഒ. (എംഎസ്.) 79/2014 പ്രകാരം അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി 1-8-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 194/13/ആഭ്യന്തരം പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ Password Cracker, ഹാർഡ്വെയർ ആന്റ് സോഫ്റ്റ്വെയർ, മൊബൈൽ ഫോൺ എസ്ട്രാക്ടർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ്വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന നടപടി

185 (2055) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മലയോര അതിർത്തി പ്രദേശമായ പാണത്തൂരിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള അടങ്കൽ തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) പാണത്തൂരിൽ എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾ

186 (2056) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന MoPF Scheme, Plan Scheme, 13th FCA എന്നീ പദ്ധതികൾക്കായി എത്ര തുക നാളിതുവരെ ചെലവിട്ടുവെന്നും, ആയത് ഏതെല്ലാം ഇനത്തിലാണെന്നും വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ നാളിതുവരെയുണ്ടായിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാന പ്ലാൻ സ്കീം (ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവേർനസ്സ് സ്കീം ഉൾപ്പെടെ) 13th FCA എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട് :

വർഷം	പ്ലാൻ സ്കീം		13th FCA	
	അനുവദിച്ച തുക (ലക്ഷം)	ചെലവ് (ലക്ഷം)	അനുവദിച്ച തുക (ലക്ഷം)	ചെലവ് (ലക്ഷം)
2012-13	1780.00	1480.28	2500.00	2400.00
2013-14	2150.00	2061.68	2500.00	2250.00
2014-15	2350.00	1784.56	2500.00	1371.84

കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രി സുരക്ഷാ പദ്ധതി), സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, കോളനികളിൽ പോലീസ് സേവനങ്ങൾ മെച്ചപ്പെടുത്തൽ, പ്രൊഫഷണൽ ഓഫീസ് വർക്ക് സ്റ്റേഷനുകൾ വികസിപ്പിക്കൽ, കുറ്റാന്വേഷണം മെച്ചപ്പെടുത്തൽ, ആഭ്യന്തര ഭരണ നിർവ്വഹണ സംവിധാനം (ഐ.എ.പി.എസ്.), ടെലികമ്മ്യൂണിക്കേഷൻ ശേഷി വർദ്ധിപ്പിക്കൽ, പോലീസിന്റെ പ്രതികരണം കാര്യക്ഷമമാക്കൽ, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ബുദ്ധി ചാതുര്യത്താൽ നയിക്കപ്പെടുന്ന പോലീസ് സംവിധാനം ഏർപ്പെടുത്തുക, പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുള്ള ജി.ഐ.എസ്. അധിഷ്ഠിത നിയമനിർവ്വഹണം, സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാങ്കേതിക വിദ്യാനിലവാരം മെച്ചപ്പെടുത്തൽ, ശാസ്ത്രീയ അന്വേഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ, പരിശീലന സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, പോലീസ് വകുപ്പിൽ ജന്റർ അവബോധത്തിനും ജന്റർ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കുമായുള്ള പരിപാടി തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ പ്ലാൻ സ്കീമിലും, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ, വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനും പോലീസ് സഹായത്തിനുമുള്ള കേന്ദ്രങ്ങൾ, മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണ കേന്ദ്രങ്ങൾ, വിദേശികൾക്കുള്ള ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ, പോലീസ് സേനാംഗങ്ങൾക്ക് ഡോർമിറ്ററികൾ തുടങ്ങിയ പ്രവർത്തനങ്ങൾ പതിമൂന്നാം ഫിനാൻസ് കമ്മീഷനിലും നടപ്പിലാക്കി വരുന്നു. നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, മൊബിലിറ്റി, ആയുധങ്ങൾ വാങ്ങൽ, പോലീസ് ഉപകരണങ്ങളായ സെക്യൂരിറ്റി/ട്രാഫിക് ഉപകരണങ്ങൾ/ജനറൽ പോലീസ് ഉപകരണങ്ങൾ/സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്കും ഇന്റലിജൻസ് വിഭാഗത്തിന്റെ ആവശ്യങ്ങൾക്കുമുള്ള ഉപകരണങ്ങൾ, ഫോറൻസിക് ഉപകരണങ്ങൾ/

ഫോട്ടോഗ്രാഫിക് ബ്യൂറോഉപകരണങ്ങൾ/ടെയിനിംഗ് ഉപകരണങ്ങൾ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് ആവശ്യമായവ, ക്രൈംബ്രാഞ്ചിന് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് (MoPF) സ്കീമിൽ ഉൾപ്പെടുത്തി വരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങി പോലീസ് സേനയുടെ ഉപയോഗത്തിന് നൽകിയതുവഴി സേനയുടെ കാര്യക്ഷമതയും കഴിവും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പോലീസ് സേനയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം

187 (2057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടന്നിട്ട് എത്ര കാലമായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിവിധ ജില്ലകളിലായി പോലീസ് സേനയിൽ ആകെ എത്ര വാഹനങ്ങൾ ഉണ്ട് ;

(ഇ) നിലവിൽ സേനയിൽ എത്ര ഡ്രൈവർമാർ ജോലി നോക്കിവരുന്നു ?

ഉത്തരം

(എ) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തിയിട്ടില്ല.

(ബി) 380 ഒഴിവുകൾ.

(സി) 380 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പോലീസിൽ വിവിധ ജില്ലകളിലായി ആകെ 7057 (ബോട്ടുകൾ, ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ) വാഹനങ്ങൾ ഉണ്ട്.

(ഇ) സംസ്ഥാന പോലീസിൽ ഡ്രൈവർമാരുടെ 2585 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 380 ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly